പട്ടികവർഗ്ഗ വികസനം (തുക ലക്ഷത്തിൽ)

	കോളനി വികസനം	വിദ്യാഭ്യാസം	പാർപ്പിടം
1996-97	40.00	1266.44	140.00
1997-98	60.00	1159.21	205.50
1998-99	60.00	1217.01	205.50
1999-2000 (31-12-1999 വരെ)	30.00	1091.44	290.44

ഇതിനു പുറമേ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഗ്രാന്റിൽ നിന്നും ഗണ്യമായ ഭാഗം ഈ ആവശ്യത്തിനായി ചെലവഴിച്ചിട്ടുണ്ട്.

പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള സ്റ്റൈപന്റ്

13 (176) ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഇപ്പോൾ എത്ര രൂപ വീതം പ്രതിവർഷം സ്റ്റൈപന്റായി നൽകുന്നുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ ഇനത്തിൽ പ്രതിവർഷം എന്തു തുക സർക്കാർ നൽകുന്നു എന്ന് വ്യക്തമാക്കാമോ ;

(സി) അടുത്ത വർഷം മുതൽ സ്റ്റൈപന്റ് വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(ഡി) സി.ബി.എസ്.ഇ. സ്കീം അനുസരിച്ച് പഠിപ്പിക്കുന്ന വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്ക് സ്റ്റൈപന്റ് ലഭിക്കുന്നതിനും, അത് നൽകുന്നതിനുമുള്ള നടപടിക്രമം വിശദീകരിക്കാമോ ;

(ഇ) സി.ബി.എസ്.ഇ. സ്കീം അനുസരിച്ച് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾ ഒടുക്കിയിട്ടുള്ള ഫീസ് തിരികെ ലഭിക്കുന്നതിനുള്ള നടപടി ക്രമം എന്താണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പട്ടികജാതി വിദ്യാർത്ഥികൾക്ക് പോസ്റ്റ്മെട്രിക് പഠനത്തിന് 5 കി.മീറ്ററിനുള്ളിൽ താമസിക്കുന്ന കുട്ടികൾക്ക് പ്രതിമാസം 215 രൂപയും 8 കി.മീറ്ററിന് വെളിയിൽ താമസിക്കുന്ന വർക്ക് പ്രതിമാസം 250 രൂപയും സ്റ്റൈപന്റായി നൽകുന്നു. പ്രീമെട്രിക് തലത്തിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നാക്കാനി, വേടൻ,വേലുവ, കരമ്പാലൻ, അവിലൻ എന്നീ സമുദായങ്ങളിലെ വിദ്യാർത്ഥികൾക്കും 25 രൂപ മുതൽ 35 രൂപയും വരെ പ്രതിമാസ സ്റ്റൈപന്റ് നൽകുന്നു.

(ബി) 1998-99 വർഷത്തിൽ 3635.583 ലക്ഷം രൂപ സർക്കാർ നൽകി.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇല്ല. പ്രൊഫഷണൽ കോഴ്സുകൾക്ക് വിദ്യാഭ്യാസ ആനുകൂല്യം വർദ്ധിപ്പിക്കുന്നത് സർക്കാർ പരിഗണനയിലാണ്. മറ്റ് കോഴ്സുകൾക്ക് ആനുകൂല്യം വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ഡി) സി.ബി.എസ്.ഇ. സ്കീം അനുസരിച്ച് പഠിപ്പിക്കുന്ന വിദ്യാലയങ്ങളിൽ നിന്നും ലഭിക്കുന്ന കുട്ടികളുടെ സ്റ്റേറ്റ്മെന്റ് അനുസരിച്ച് ഫീസ്, സ്റ്റൈപന്റ്, ലംപ്സംഗ്രാന്റ് എന്നിവ ഡിമാന്റ് ഡ്രാഫ്റ്റായി അതതു സ്ഥാപന മേധാവികൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും അയച്ചു കൊടുക്കുന്നു.

(ഇ) സി.ബി.എസ്.ഇ. സ്കീം അനുസരിച്ച് പഠിക്കുന്ന പട്ടികജാതി കുട്ടികൾ ഒടുക്കിട്ടുള്ള ഫീസ് ബന്ധപ്പെട്ട താലൂക്ക്/ജില്ലാ പട്ടികജാതി വികസന ആഫീസർക്ക് സ്ഥാപന മേധാവി നൽകുന്ന കുട്ടികളുടെ ലിസ്റ്റ് അനുസരിച്ച് പട്ടികജാതി വികസന വകുപ്പിൽ നിന്നും അനുവദിച്ച് നൽകുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്ക വിഭാഗ ക്ഷേമത്തിന്

14 (177) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ; താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്ക വിഭാഗക്ഷേമത്തിന് ഈ സാമ്പത്തിക വർഷത്തിൽ എന്തു തുക ആകെ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) വിവിധ ക്ഷേമ പദ്ധതികൾക്കായി അനുവദിച്ച തുക പൂർണ്ണമായും ചെലവഴിച്ചുവെന്ന് ഉറപ്പു വരുത്തിയിട്ടുണ്ടോ;

(സി) പദ്ധതി പ്രവർത്തനങ്ങൾക്ക് പൂർണ്ണമായ ഫണ്ട് വിനിയോഗിക്കുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥൻമാർക്കെതിരെ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 49104.14 ലക്ഷം രൂപ

(ബി) തുക പൂർണ്ണമായും ചെലവഴിക്കുന്നതിനുള്ള നടപടിയെടുത്തിട്ടുണ്ട്.

(സി) നടപടി സ്വീകരിക്കുന്നുണ്ട്.

അൺ എയിഡഡ് സ്കൂളുകളിൽ പഠിക്കുന്ന പട്ടികജാതിക്കാരായ വിദ്യാർത്ഥികൾക്ക് ആനുകൂല്യങ്ങൾ

15 (178) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അൺ എയിഡഡ് സ്കൂളുകളിൽ പഠിക്കുന്ന പട്ടികജാതിക്കാരായ വിദ്യാർത്ഥികൾക്ക് ഏതെങ്കിലും തരത്തിലുള്ള ആനുകൂല്യങ്ങൾ സർക്കാരിൽ നിന്നും നൽകുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly